ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികളുടെ ഭാഗമായി റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനുമായി 63.48 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നത്.

(ബി) പണി തീർന്ന 243 റോഡുകൾക്കായി 4,65,56,651 രൂപ 2003-2004 വർഷം അനുവദിച്ചിട്ടുണ്ട്.

(സി) ഓരോ റോഡിനും പ്രത്യേകം തുക നീക്കിവയ്ക്കാറില്ല. പ്രവൃത്തികൾ തൃപ്തികരമായി തീർത്ത് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലയ്ക്ക് ഈ ഇനത്തിൽ അനുവദിക്കുന്ന തുകയിൽ നിന്നും തുക അനുവദിക്കുകയാണ് ചെയ്തുവരുന്നത്. നിയോജകമണ്ഡലം തിരിച്ചുള്ള ചെലവ് വിവരങ്ങൾ ലഭ്യമല്ല.

മണൽവാരൽ സംബന്ധിച്ച് ശാസ്ത്രീയ പഠനം

16 [1426] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

" എ. കെ. മണി:

" എം. കെ. പോൾസൺ മാസ്റ്റർ:

" ജോർജ് ജെ. മാത്യു:

" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ നദികളിൽ നിന്നും എത്ര അളവ് മണൽ വീതം നീക്കം ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം ഒരു പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എറണാകുളം, കോട്ടയം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിലെ നദികളിൽ നിന്ന് പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന കടവുകളിൽ നിന്നും എത്ര അളവ് മണൽ നീക്കം ചെയ്യാൻ കഴിയുമെന്നതിനെ കുറിച്ച് സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്)-നെക്കൊണ്ട് പഠനം നടത്തിയിട്ടുണ്ട്.

(ബി) ബാധകമല്ല.

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് വൃക്ഷത്തൈ നട്ടുപിടിപ്പിക്കുന്ന പദ്ധതി

17 [1427] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളുടെ തീരത്ത് വൃക്ഷത്തൈ നട്ടുപിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly